"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് - പരിയാരം ഗ്രാമപഞ്ചായത്ത് - കുപ്പം മുക്കുന്ന് ഇരിങ്ങൽ റോഡ് പ്രവൃത്തി - ഭരണാനുമതി പുതുക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.9/2026/DMD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി. തീയതി, 27.03.2025
2. കണ്ണൂർ ജില്ലാ കളക്ടറുടെ 17.11.2025 തീയതിയിലെ DCKNR/12313/2025-DM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കുപ്പം മുക്കുന്ന് ഇരിങ്ങൽ റോഡ് പ്രവൃത്തിക്ക് നൽകിയിരുന്നു. എന്നാൽ ദേശീയപാത വികസനം നടക്കുന്നതിന്റെ ഭാഗമായി പ്രസ്തുത റോഡിൽ കൂടി വാഹന ഗതാഗതം തിരിച്ചുവിട്ടതിന്റെ ഭാഗമായി ഭാരം കയറ്റിയ വാഹനങ്ങൾ കടന്നുപോയതിനാൽ റോഡ് കൂടുതൽ തകർന്നു. ദേശീയപാത അതോറിറ്റി അവരുടെ ഭാഗത്തു നിന്ന് വന്ന നാശനഷ്ടങ്ങൾ ചെയ്ത് തീർക്കുന്നതിൽ വൈകിയതിനാലാണ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ കാലതാമസം നേരിട്ടത്. ആയതിനാൽ ടി റോഡ് പ്രവൃത്തിയിലുണ്ടായ കാലതാമസം മാപ്പാക്കി ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കുപ്പം മുക്കുന്ന് ഇരിങ്ങൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/233/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 03-01-2026 16:51:48

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്